# പുതുവർഷപ്പുലരിയിൽ

1990.

ഈ പുതുവർഷപ്പുലരിയിൽ ലോകം ഒരു വഴിത്തിരിവിൽ വന്നു നില്ക്കുകയാണ്.

കഴിഞ്ഞ വർഷം സംഭവബഹുലമായിരുന്നു. അപ്രതീക്ഷമായ എന്തെല്ലാം മാറ്റങ്ങൾ! ഇടിഞ്ഞ മതിലുകൾ! തകർന്ന തലയോടുകൾ! അടിച്ചമർത്തപ്പെട്ട ജനസമൂഹങ്ങൾ ഉണർന്നെണീറ്റ ജനവീഥികൾ!

സൂക്ഷിച്ചു നോക്കൂ. ചോരപ്പാടുകൾ ഇനിയും വറ്റിയിട്ടില്ലാത്ത ആ തെരുവീഥികളിൽ യുവജനാവേശങ്ങളെ ചതച്ചു ഞെരി- ച്ച ഇരുമ്പുചക്രങ്ങളുടെ പാടുകൾ!

ചിലർക്കെല്ലാം ചുവരെഴുത്തുകൾ കാണാനും മനസ്സിലാക്കാ- നും കഴിഞ്ഞു. ആഞ്ഞടിച്ച കൊടുകാറ്റിനു മുമ്പിൽ ബുദ്ധി- പൂർവം അവർ ഒത്തുതീർപ്പുകൾക്കു സന്നദ്ധരായി. അധികാ- രങ്ങൾ വെച്ചൊഴിയാനും പങ്കിടുവാനും അവർ ധാരണകൾ ഉണ്ടാക്കുന്നു.

അങ്ങിനെ കഴിഞ്ഞകൊല്ലം നമ്മോടു യാത്ര പറഞ്ഞു. പുതി- യൊരു ലോകം വാഗ്ദാനം ചെയ്ത ശക്തമായ ഒരു രാഷ്ട്രീയ തത്വസംഹിതയുടെ ഹംസഗാനം പാടിക്കൊണ്ട്.

ഇതിനു കളമൊരുക്കിയ ജനസമൂഹങ്ങൾക്ക് ഒട്ടേറെ പ്രതീക്ഷകളും സ്വപ്നങ്ങളുമുണ്ട്. അവയൊക്കെ നിറവേറ്റപ്പെട്ടു- മോ? ഇല്ലെങ്കിൽ –
ഇല്ലെങ്കിൽ, അപകടകരമായ ഒരു കാലഘട്ടത്തിലേയ്ക്കുള്ള പതനമായിരിക്കും ഫലം.

കരയാനാരുമില്ലാതെ, സഹതപിക്കാനാരുമില്ലാതെ പടിയിറങ്ങിപ്പോകുന്ന ഈ ' പരാജയപ്പെട്ട ദൈവം' ഇന്നലെ എത്രയെത്ര ബുദ്ധിജീവികൾക്കാണ് ആവേശവും പ്രചോദനവും പകർന്നത്!

അവരിലൊട്ടേറെപ്പേർ പല സന്ദർഭങ്ങളിലായി തകർന്ന പാള ങ്ങളിലൂടെയോടുന്ന തീവണ്ടിയിൽ നിന്ന് ചാടിരക്ഷപ്പെടുവാൻ

മുന്നറിയിപ്പു നല്കിയിരുന്നു.

പി. ഭാസ്കരന്റെ ' ആവിവണ്ടി ' ഓർമ്മിക്കുക:

*....ആവിവണ്ടി നടത്തിത്തുലച്ചോ–*
*രാണു ഞങ്ങൾ വസന്തങ്ങൾ നീളെ.*
*പാളമൊക്കെത്തകർന്നതാണിപ്പോ–*
*ളാളുകളതിൽ ചത്തുവീണേക്കും*
*ആവിവണ്ടി തകരും .....*

ചൈനയിലെ വയലേലകളിലെ കാറ്റ് ഇങ്ങോട്ടും ആഞ്ഞടിക്കു വാൻ ആഹ്വാനം ചെയ്ത ഒ. എൻ.വി. തന്നെ പിന്നേടു ചോദിച്ചു:

*എവിടെയാവാഗ്ദത്ത ഭൂമി സഖാക്കളേ!*
*എവിടെയാസൗവർണ്ണ ഭൂമി?*

ചരിത്രം ആവർത്തിക്കുകയാണോ?
ഇതാ മറ്റൊരു തലമുറ വരുന്നു. ആവേശപൂർവം പുതിയൊ രു ലോകം സ്വപ്നം കണ്ടുകൊണ്ട്.

കൈവിട്ടുപോയ വാഗ്ദത്തഭൂമികളെയോർത്ത്, നഷ്ടപ്പെട്ട പറുദീസകളെയോർത്ത്, സാക്ഷാത്കരിക്കപ്പെടാത്ത സ്വപ്ന–ങ്ങളെയോർത്ത്, അവർക്കെങ്കിലും ഈ ചോദ്യങ്ങൾ നാളെ ആവർത്തിക്കാൻ ഇടവരാതിരിക്കട്ടെ എന്ന് നമുക്ക് നമുക്കു പ്രാർത്ഥിക്കാം.

അതായിരിക്കട്ടെ ഈ പുതുവർഷപ്പുലരിയിൽ നമ്മുടെ ആശംസ.



ജാനുവരി 1990